ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.01.2026**

## പ്രധാനവാർത്തകൾ

1. **വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം യാഥാർത്ഥ്യമാകൂ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്ന് അമൃത് ഭാരത് എക്സ്പ്രസുകളുടെ ഫ്ലാഗ്ഓഫ് പ്രധാനമന്ത്രി നിർവഹിച്ചു.**

2. **വഴിയോര കച്ചവടക്കാർക്കുള്ള പിഎം സ്വനിധി ക്രെഡിറ്റ് കാർഡ് പ്രധാനമന്ത്രി പുറത്തിറക്കി. തിരുവനന്തപുരം പൂജപ്പുര പുതിയ ഹെഡ് പോസ്റ്റ് ഓഫീസും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.**

RNU TVPM

3. **പ്രധാനമന്ത്രി തുടക്കം കുറിച്ച പദ്ധതികൾ കേരളത്തിന് ഏറെ പ്രാധാന്യമുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിന്റെ ആവശ്യങ്ങൾ യഥാസമയം നിറവേറ്റപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി.**

4. **ഉൾനാടൻ ജലപാത വികസന കൗൺസിലിന്റെ മൂന്നാം യോഗം ഇന്ന് കൊച്ചിയിൽ ചേരും. കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പങ്കെടുക്കും.**

5. **വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.**

6. **ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി (ഇൻട്രോ)**

വികസിത കേരളത്തിലൂടെയേ വികസിത ഭാരതം യാഥാർത്ഥ്യമാകൂ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേരളത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. തിരുവനന്തപുരത്തെ രാജ്യത്തിന്റെ സ്റ്റാർട്ടപ്പ് ഹബ്ബാക്കി മാറ്റുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. സംസ്ഥാനത്ത് വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തശേഷം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തെ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നഗരത്തിലെ പാവപ്പെട്ട കുടുംബങ്ങൾക്കായി ഒട്ടേറെ പദ്ധതികൾ കേന്ദ്രസർക്കാർ നടപ്പാക്കുന്നുണ്ടെന്നു പ്രധാനമന്ത്രി പറഞ്ഞു. ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പാക്കിയത് വഴിയോര കച്ചവടക്കാർക്ക് ഏറെ ആശ്വാസം നൽകും. പാവപ്പെട്ടവർക്കായി നാലുകോടി വീടുകൾ നിർമിച്ചുനൽകാനായി. ആദായനികുതിപരിധി ഉയർത്തിയത് കേരളത്തിലെ മധ്യവർഗ കുടുംബങ്ങൾക്ക് പ്രയോജനപ്പെട്ടു. അമൃത്ഭാരത് എക്സ്പ്രസ് കൂടി

RNUTVPM

ഓടിത്തുടങ്ങുന്നതോടെ കേരളത്തിലെ ട്രെയിൻയാത്ര കൂടുതൽ സുഗമമാകും. വികസിതകേരളം സാധ്യമാക്കുന്നതിനായി കേന്ദ്രസർക്കാർ കേരളത്തിനൊപ്പം ഉണ്ടാകുമെന്നും പ്രധാനമന്ത്രി ഉറപ്പുനൽകി.

(വോയ്സ്)…….

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി-1**

നാഗർകോവിൽ മംഗലാപുരം, തിരുവനന്തപുരം താമ്പരം, തിരുവനന്തപുരം ചർലപ്പള്ളി എന്നീ അമൃത് ഭാരത് എക്സ്പ്രസുകളുടേയും തൃശൂർ ഗുരുവായൂർ പാസഞ്ചർ ട്രെയിനിന്റേയും ഫ്ളാഗ് ഓഫാണ് പ്രധാനമന്ത്രി ഇന്ന് നിർവ്വഹിത്. നഗര ഉപജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, വഴിയോര കച്ചവടക്കാർക്ക് വേണ്ടിയുള്ള 'പിഎം സ്വനിധി ക്രെഡിറ്റ് കാർഡും' പുറത്തിറക്കിയ അദ്ദേഹം പിഎം സ്വാനിധി ഗുണഭോക്താക്കൾക്കുള്ള ചെക്കും വിതരണം ചെയ്തു. തിരുവനന്തപുരത്തെ CSIR-NIIST ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് ഹബ്ബിന്റെയും ശ്രീചിത്രയിൽ അത്യാധുനിക റേഡിയോ സർജറി സെന്ററിനും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു.

RNUTVPM

തിരുവനന്തപുരം പൂജപ്പുര പുതിയ ഹെഡ് പോസ്റ്റ് ഓഫീസും ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. പുത്തരിക്കണ്ടം മൈതാനത്ത് നടന്ന പരിപാടിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി എം ബി രാജേഷ്, മേയർ വി വി രാജേഷ്, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖർ തുടങ്ങിയവർ പങ്കെടുത്തു. രാവിലെ തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്നാണ് സ്വീകരിച്ചത്. ഓവർ ബ്രിഡ്ജ് മുതൽ പുത്തരിക്കണ്ടം വരെ നടന്ന റോഡ് ഷോയിലും പ്രധാനമന്ത്രി പങ്കെടുത്തു.

PRNU TVPM

## മുഖ്യമന്ത്രി (ഇൻട്രോ)

കേരളത്തിന്റെ വികസനത്തിന് സഹായകമാകുന്ന നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കാൻ എത്തിച്ചേർന്ന പ്രധാനമന്ത്രിക്ക് സ്വാഗതം ആശംസിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഇന്ന് തുടക്കം കുറിക്കുന്ന എല്ലാ പദ്ധതികളും കേരളത്തെ സംബന്ധിച്ച് വലിയ പ്രാധാന്യമുള്ളവയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന് ഇത് സന്തോഷകരമായ നിമിഷമാണ്. വരും

കാലങ്ങളിലും കേരളത്തോടുള്ള കരുതൽ തുടരുമെന്നും, പല മേഖലകളിലുമുള്ള ആവശ്യങ്ങൾ യഥാസമയം നിറവേറ്റപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹേൾഡ് വോയിസ്)

## പ്രധാനമന്ത്രി 2

പുത്തരിക്കണ്ടം മൈതാനത്തു തന്നെ സംഘടിപ്പിക്കുന്ന ബിജെപി പൊതുയോഗത്തിലും ശ്രീ മോദി സംബന്ധിച്ചു. കേരളം ഭാരതീയ ജനതാ പാർട്ടിയെ വിശ്വസിച്ചു തുടങ്ങിയതായി അദ്ദേഹം പറഞ്ഞു. തൻറെ പാർട്ടിയിൽ വിശ്വസിച്ച എല്ലാ വോട്ടർമാർക്കും ശ്രീ മോദി നന്ദി അറിയിച്ചു. മുതിർന്ന ബിജെപി നേതാക്കളായ പ്രകാശ് ജാവഡേക്കർ, കുമ്മനം രാജശേഖരൻ, വി മുരളീധരൻ, NDA നേതാക്കൾ തുടങ്ങിയവരും പങ്കെടുത്തു. ശേഷം ശ്രീ മോദി ചെന്നൈയിലേക്ക് തിരിക്കും.

RNU TVPM

## പ്രധാനമന്ത്രി 3

പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുതുമായി ബന്ധപ്പെട്ട് തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രവനീത്

സിംഗ് ബിട്ടുവും കൊച്ചുവേളിയിൽ നടന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി വി സോമണ്ണയും പങ്കെടുത്തു. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. തൃശ്ശൂർ ഗുരുവായൂർ പാസഞ്ചർ ഗുരുവായൂർ തീർത്ഥാടനത്തിനും ടൂറിസത്തിനും വൻ കുതിപ്പ് നൽകുമെന്ന് ശ്രീ സുരേഷ്ഗോപി പറഞ്ഞു. ട്രെയിനിന്റെ ഫ്ലാഗ് ഓഫ് അദ്ദേഹം നിർവഹിച്ചു.

**ഗതാഗത ക്രമീകരണം**

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് 02.00 മണിവരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡൊമസ്റ്റിക് എയർപോർട്ട് - ശംഖുമുഖം --ചാക്ക —പേട്ട-പള്ളിമുക്ക്-പാറ്റൂർ-ജനറൽ ആശുപത്രി- പാളയം - സ്റ്റാച്യു- ആയൂർവേദ കോളേജ്- ഓവർബ്രിഡ്ജ്- മേലെ പഴവങ്ങാടി- ഈഞ്ചയ്ക്കൽ - മിത്രാനന്ദപുരം - എസ് പി ഫോർട്ട് - ശ്രീകണ്ഠേശ്വരം പാർക്ക് - തകരപ്പറമ്പ് മേൽപ്പാലം- പവർഹൌസ് ജംഗ്ഷൻ- ചൂരക്കാട്ട്പാളയം വരെയാണ് നിയന്ത്രണം.

**സർബാനന്ദ സോനോവാൾ**

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രി സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിൽ. ഉൾനാടൻ ജലപാത

RNUTVPM

വികസന കൗൺസിലിന്റെ മൂന്നാം യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

**വിഴിഞ്ഞം**

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയായിരിക്കും. വിഴിഞ്ഞത്തെ ഇന്ത്യയിലെ ഏറ്റവും വലിയ ട്രാൻസ്ഷിപ്മെൻറ് ഹബ് ആക്കാനാണ് ശ്രമമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RNU TVPM

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

## പ്രഗതി (ഇൻട്രോ)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് രാജ്യത്തെ സിവിൽ ഏവിയേഷന്റെ ക്രമാനുഗതമായ വളർച്ച.. *ഒരു റിപ്പോർട്ട്...* *(വോയ്സ്)*

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## പ്രഗതി (വോയിസ്)

രാജ്യത്തെ സിവിൽ ഏവിയേഷന്റെ ക്രമാനുഗതമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടിയുള്ള ദേശീയ നയങ്ങൾ, പദ്ധതികൾ , നിയന്ത്രണങ്ങൾ എന്നിവ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉത്തരവാദിത്തമുള്ള ഇന്ത്യാ ഗവൺമെന്റിന്റെ നോഡൽ മന്ത്രാലയമാണ് സിവിൽ ഏവിയേഷൻ മന്ത്രാലയം. വ്യോമഗതാഗത സേവനങ്ങൾ, വിമാനത്താവള അടിസ്ഥാന സൗകര്യ വികസനം, വ്യോമ നാവിഗേഷൻ സേവനങ്ങൾ, വ്യോമയാന സുരക്ഷ, സുരക്ഷ, യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതം എന്നിവ ഇതിന്റെ

ചുമതലകളിൽ ഉൾപ്പെടുന്നു. വിമാനത്താവള ശേഷി, പ്രാദേശിക കണക്റ്റിവിറ്റി, മൊത്തത്തിലുള്ള മേഖലാ കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കുന്നു. പിഎംജി പോർട്ടലിൽ നിരീക്ഷിക്കപ്പെടുന്ന 38 പദ്ധതികളിൽ 21,694 കോടി രൂപയുടെ മൊത്തം നിക്ഷേപമുള്ള 03 പദ്ധതികൾ പ്രഗതിയുടെ കീഴിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവലോകനം ചെയ്യുകയും ആ പദ്ധതികൾ കമ്മീഷൻ ചെയ്യു. ഈ ഇടപെടലുകൾ പദ്ധതി നിർവ്വഹണത്തെ ത്വരിതപ്പെടുത്തി. രാജ്യത്തുടനീളമുള്ള സിവിൽ ഏവിയേഷൻ ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ശക്തിപ്പെടുത്തലിനും ഈ ഇടപെടൽ കാരണമായി.

ന്യൂസ്ഡസ്ക് ആകാശവാണി.....

RNUTVPM

**ശബരിമല (ഇൻട്രോ)**

ശബരിമല സന്നിധാനത്ത് നിന്നും പന്തളത്ത് തിരിച്ചെത്തിച്ച തിരുവാഭരണങ്ങൾ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി. ഇനി ദർശനമുള്ളത് കുംഭമാസത്തിലെ ഉത്രം നാളിലും വിഷു നാളിലും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ.......***

***(വോയിസ്)***

## ക്രിക്കറ്റ്

ഇന്ത്യ–ന്യൂസിലാൻഡ് ട്വന്റി ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. രാത്രി ഏഴു മുതൽ റായ്പുരിലെ ഷഹീദ് വീർ നാരായൺ സിങ് സ്റ്റേഡിയത്തിലാണ് പോരാട്ടം. ആദ്യ കളിയിൽ 48 റൺസിന്റെ മിന്നുന്ന ജയം നേടിയ ടീം ഇന്ത്യ അഞ്ചു മത്സര പരമ്പരയിൽ ആധിപത്യം തുടരാനുറച്ചാണ് ഇന്നിറങ്ങുക. അതേസമയം, വനിതാ പ്രീമിയർ ലീഗ് ട്വി ട്വന്റി ടൂർണമെന്റിൽ ഇന്ന് മത്സരമില്ല. ഇന്നലെ യുപി വാരിയേഴ്സിനെതിരെ ഗുജറാത്ത് ജയന്റ്സിന് 45 റൺസിന്റെ വിജയം നേടി.

RIJU TVPM

## പരാക്രമം ദിവസ്

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മദിനമായ ഇന്ന് രാജ്യം പരാക്രമം ദിവസമായി ആചരിക്കുന്നു . ദിനാചരണത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമ്മു , ഉപ രാഷ്ട്രപതി സി പി രാധാകൃഷ്ണൻ , പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു . നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പോരാട്ടം ദശലക്ഷക്കണക്കിന് ഇന്ത്യക്കാരിൽ ആത്മവിശ്വാസവും ഐക്യവും പകർന്നതായി രാഷ്ട്രപതി പറഞ്ഞു.

നേതാജിയുടെ ദേശീയതയോടുള്ള സമീപനം യുവതലമുറകളെ പ്രചോദിപ്പിക്കുന്നതായി ഉപ രാഷ്ട്രപതി പറഞ്ഞു. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ നിർഭയമായ നേതൃത്വവും അചഞ്ചലമായ ദേശസ്നേഹവും ശക്തമായ രാജ്യം കെട്ടിപ്പടുക്കാൻ തലമുറകൾക്ക് പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM